I/53953/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

## വിജ്ഞാപനം

## പി.ജി.(എം.എസ്.സി.) നഴ്സിംഗ് പ്രവേശനം-2023 ഒഴിവു വന്ന സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച്

2023-24 അധ്യയന വർഷത്തിലെ എം.എസ്.സി. നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനുള്ള മോപ് അപ് അലോട്ട്മെന്റിന് ശേഷം വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിൽ നിലവിലുള്ള സീറ്റുകൾ നികത്തുന്നതിനു അതതു സർക്കാർ നഴ്സിംഗ് കോളേജുകൾ 31.10.2023നു സ്പോട്ട് അല്ലോട്ട്മെന്റ് നടത്തുന്നതാണ്. സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ നിലവിലുള്ള സീറ്റുകളിലേക്കുള്ള പ്രവേശന നടപടികൾ 31.10.2023 തീയതിയിൽ അതതു കോളേജു പ്രിൻസിപൽമാരും സ്വീകരിക്കുന്നതാണ്.

30.10.2023 ഉച്ചക്ക് 2.00 മണിക്ക് ശേഷമുള്ള വിവിധ നഴ്സിംഗ് കോളേജുകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2023-24 അധ്യയന വർഷത്തെ പി.ജി.(എം.എസ്.സി.) നഴ്സിംഗ് കോഴ്സ് പ്രവേശന നടപടികൾ അവസാനിപ്പിക്കേണ്ട അവസാന ദിവസം 31.10.2023 ആയതിനാൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒഴിവുകൾ നിലനിൽക്കുന്ന നഴ്സിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് 31.10.2023 വൈകിട്ട് 4.00 മണിക്കുള്ളിൽ പ്രവേശനനടപടികളിൽ പങ്കെടുക്കേണ്ടതാണ്.

വിവിധ സർക്കാർ/സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. താത്പര്യമുള്ള യോഗ്യരായ വിദ്യാർത്ഥികൾ ആവശ്യമായ രേഖകൾ സഹിതം ഹാജരായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/കോളേജ് പ്രിൻസിപ്പാൾമാർ എന്നിവരുടെ നിർദ്ദേശാനുസരണം പ്രവേശനം നേടേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 30-10-2023 22:02:19

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
30-10-2023

I/53953/2023